2364/എച്ച്/2018/കെ.എസ്.എച്ച്.ഒ. 22..05..2018

# സർക്കുലർ

വിഷയം : കുടുംബശ്രീ - പാഷൻ ഫ്രൂട്ട് കൃഷി പരിശീലന മാർഗ്ഗരേഖ - സംബന്ധിച്ച്

പോഷകസമൃദ്ധവും വരുമാനദായകവുമായ പാഷൻ ഫ്രൂട്ടിന്റെ കൃഷി രീതി കൂടുതൽ കുടുംബശ്രീ അംഗങ്ങളിലേയ്ക്ക് എത്തിക്കുക എന്നതാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് 28,000 കർഷകർക്ക് പാഷൻ ഫ്രൂട്ട് കൃഷിയിൽ പരിശീലനം നൽകി ഒരു ജില്ലയിൽ 10,000 തൈകൾ വീതം നടാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**പൊതുവായ നിർദ്ദേശങ്ങൾ :**

- ജില്ലാ തലത്തിൽ പാഷൻ ഫ്രൂട്ട് കൃഷി ചെയ്യാൻ താൽപര്യമുള്ള 2000 ജെ എൽ ജി /കുടുംബശ്രീ അംഗങ്ങളെ സി ഡി എസ് വഴി തിരഞ്ഞെടുക്കുക.
- ജില്ലയിൽ കഴിവതും അടുത്തടുത്ത പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത അംഗങ്ങൾ മെയ് മാസത്തിൽ തന്നെ കൃഷിക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- തിരഞ്ഞെടുത്ത ഓരോ അംഗവും പരിശീലനത്തിൽ പങ്കെടുക്കേണ്ടതും കുറഞ്ഞത് 5 തൈകൾ വീതം കൃഷി ചെയ്യേണ്ടതുമാണ്.
- പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ തൈകൾ നൽകാൻ പാടുള്ളു.
- ഓരോ സിഡിഎസ്സിലേയ്ക്കും ആവശ്യമായ തൈകൾ നേരത്തെ തന്നെ ബ്ലോക്ക് കോ ഓർഡിനേറ്റർ വഴി ജില്ലാ മിഷനിൽ അറിയിക്കുക. തൈകളുടെ വിതരണ ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സിഡിഎസ്സിനെ ഏൽപ്പിക്കുക.

പരിശീലനം

1. ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കിലെ ജീവ/മാസ്റ്റർ കർഷകർക്ക് സർക്കാർ അംഗീകൃത കൃഷി അനുബന്ധ സ്ഥാപനങ്ങൾ/വ്യക്തികൾ/പാഷൻ ഫ്രൂട്ട് കൃഷിയിൽ വൈദഗ്ദ്ധ്യമുള്ള സംരംഭകർ/ ഉത്പാദകർ/ജില്ലാ മിഷൻ ഓഫീസർമാർ വഴി പരിശീലനം നൽകുക. ടി. പരിശീലനത്തിനായി ഒരാൾക്ക് പരമാവധി (ഹോണറേറിയം, മറ്റു പരിശീലന ചിലവുകൾ ഉൾപ്പടെ ) 250/ രൂപ എം കെ എസ് പി കപ്പാസിറ്റി ബിൽഡിംഗ് ശീർഷകത്തിലെ ട്രെയിനിങ് ടു മാസ്റ്റർ ഫാർമർ ട്രെയിനെർസ് എന്ന ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

2. പരിശീലനം ലഭിച്ച ജീവ/മാസ്റ്റർ കർഷക തിരഞ്ഞെടുത്ത കർഷകർക്ക് വാർഡ് തലത്തിൽ പരിശീലനം നൽകുക.

3. പരിശീലനത്തിന്റെ ഷെഡ്യൂൾ ജില്ലാ തലത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്ററുമായി ചർച്ച ചെയ്തു ജില്ലാ പ്രോഗ്രാം മാനേജർ തയ്യാറാക്കേണ്ടതും പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

4. ജില്ലാതലത്തിൽ 50 പേരടങ്ങുന്ന 40 ബാച്ചുകളായി പരിശീലനം പൂർത്തിയാക്കേണ്ടതാണ്. ഒരു ബാച്ചിന് കുറഞ്ഞത് 2 മണിക്കൂർ സമയം പരിശീലനം ഉണ്ടായിരിക്കണം.

5. പരിശീലനത്തിൽ പാഷൻ ഫ്രൂട്ട് കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത, വിള പരിപാലനം, വിളവെടുപ്പ്, വിപണന സാധ്യതകളും മൂല്യവർദ്ധനവും എന്നീ വിഷയത്തിലായിരിക്കണം ക്ലാസ്സുകൾ നൽകേണ്ടത്.

6. പരിശീലനത്തിനായി ഒരു കർഷകയ്ക്കു പരമാവധി തൊണ്ണൂറു രൂപ (ചായ, ലഘു ഭക്ഷണം, ഇൻപുട്ട് കോസ്റ്റ്) എം കെ എസ് പി യുടെ കപ്പാസിറ്റി ബിൽഡിംഗ് ശീർഷകത്തിലെ ട്രെയിനിങ് ടു കമ്മ്യൂണിറ്റി എന്ന ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

7. പരിശീലനം നൽകുന്ന മാസ്റ്റർ കർഷക/ജീവ ടീം അംഗത്തിന് ഒരു ബാച്ചിന് 250 രൂപ ഹോണറേറിയം നൽകേണ്ടതാണ്. ടി. തുക എം കെ

എസ് പി യുടെ കപ്പാസിറ്റി ബിൽഡിംഗ് ശീർഷകത്തിലെ ഹോണറേറിയം ടു മാസ്റ്റർ ഫാർമർ ഉപശീർഷകത്തിൽ നിന്നും ചിലവാക്കാവുന്നതാണ്.

8. പരിശീലനത്തിന് പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ ശേഖരിച്ചു സി ഡി എസ് സൂക്ഷിക്കേണ്ടതാണ്. ഇത് ബ്ലോക്ക് കോ കോർഡിനേറ്ററുമാർ ഉറപ്പാക്കേണ്ടതാണ്.

9. ജൂൺ 1 ന് മുമ്പായി തിരഞ്ഞെടുത്ത എല്ലാ പഞ്ചായത്തുകളിലും പരിശീലനം പൂർത്തിയാക്കേണ്ടതാണ്.

**പരിശീലനത്തിന് പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷൻ ഫോം**

**സ്ഥലം................................ തീയതി............... സമയം...............**

| ക്രമ നം. | പേര് | മേൽവിലാസം | അയൽക്കൂട്ടം | ഫോൺ നം. | ആധാർ നം. | ഒപ്പ് |
|---|---|---|---|---|---|---|
| | | | | | | |

**ജില്ലാ പ്രോഗ്രാം മാനേജറിന്റെ ചുമതലകൾ**

- പാഷൻ ഫ്രൂട്ട് കൃഷി ചെയ്യാൻ താൽപര്യമുള്ള 2000 കർഷകരെ തിരഞ്ഞെടുക്കുന്നതിൽ (അടുത്തടുത്തുള്ള പഞ്ചായത്തുകളിൽ) ബ്ലോക്ക് കോ-ഓർഡിനേറ്റർക്കു വേണ്ട നിർദേശങ്ങൾ നൽകുക.
- പരിശീലനത്തിന്റെ ഷെഡ്യൂൾ ബ്ലോക്ക് കോ-ഓർഡിനേറ്ററുമായി ആലോച്ചിച്ചു സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കുക.
- വെബ്സൈറ്റ് അപ്ഡേഷൻ കൃത്യസമയത്ത് നിർവ്വഹിക്കുക.

**ബ്ലോക്ക് കോർഡിനേറ്റർമാരുടെ ചുമതലകൾ**

- ഓരോ സിഡിഎസ്സിലേയ്ക്കും ആവശ്യമായ തൈകളുടെ വിവരങ്ങൾ സി ഡി എസ്സിൽ നിന്നും ശേഖരിച്ചു ജില്ലാ മിഷനിൽ അറിയിക്കുക.

- പരിശീലനത്തിന്റെ ഷെഡ്യൂൾ ജില്ലാ പ്രോഗ്രാം മാനേജറുമായി ചർച്ച ചെയ്തു തയ്യാറാക്കുക.
- പരിശീലനത്തിന് പങ്കെടുക്കുന്നവരുടെ വിവരശേഖരണ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുക.
- പരിശീലനത്തിന്റെ അറ്റൻഡൻസ്, ഫോട്ടോ എന്നിവയുടെ കോപ്പി ബ്ലോക്ക് കോ-ഓർഡിനേറ്റർ ഡോക്യുമെന്റേഷൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.
- പാഷൻ ഫ്രൂട്ട് കൃഷിയുടെ സിഡിഎസ്സ് തല മോണിറ്ററിംഗ് കൃത്യമായി നടപ്പിലാക്കുക

**മാസ്റ്റർ കർഷക/ജീവ ടീം അംഗത്തിന്റെ ചുമതലകൾ**

- പരിശീലനം ലഭിച്ച ജീവ/മാസ്റ്റർ കർഷക തിരഞ്ഞെടുത്ത കർഷകർക്ക് വാർഡ് തലത്തിൽ പരിശീലനം നൽകുക.
- പരിശീലനം കഴിഞ്ഞ് കൃഷി ആരംഭിക്കുന്നവരുടെ പ്രവർത്തനം മാസ്റ്റർ കർഷക/ജീവ ടീം അംഗം മോണിറ്റർ ചെയ്യേണ്ടതാണ്.

**സി ഡി എസ്സിന്റെ ചുമതലകൾ**

- ഓരോ സിഡിഎസ്സിലേയ്ക്കും ആവശ്യമായ തൈകൾ ബ്ലോക്ക് കോ -ഓർഡിനേറ്റർ വഴി ജില്ലാ മിഷനിൽ അറിയിക്കുക. തൈകളുടെ വിതരണ ചുമതല സി ഡി എസ്സിന് ആയിരിക്കും.
- പരിശീലനത്തിന് പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ സി ഡി എസ് ശേഖരിച്ചു സൂക്ഷിക്കുക.

**ഡയറക്ടർ (എ&എഫ്)**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോർഡിനേറ്റർമാർക്കും

**പകർപ്പ്**
സ്റ്റോക്ക് ഫയൽ